# <u>സ്ത്രീ സുരക്ഷ – ബോധവൽക്കരണ ക്ലാസ്സ്</u>




<u>പോത്താനിക്കാട് പോലീസ് സ്റ്റേഷനിൽ വച്ച് നടന്ന വാഹനങ്ങളിലെ സ്ത്രീ സുരക്ഷ – ബോധവൽക്കരണ ക്ലാസ് കല്ലൂർക്കാട് പോലീസ് ഇൻസ്പെക്ടർ ശ്രീ പി.എച്ച്. ഇബ്രാഹിം ഉദ്ഘാടനം ചെയ്യുന്നു.</u>

പോത്താനിക്കാട് പോലീസ് ഡ്രൈവർമാർക്കും, ബസ്സ് ജീവനക്കാർക്കും വേണ്ടി സ്ത്രീ സുരക്ഷ – ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. വാഹനങ്ങളിൽ സഞ്ചരിക്കുന്ന സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഡ്രൈവർമാരുടെയും ബസ്സ് ജീവനക്കാരുടെയും സ്ത്രീകളോടുള്ള പെരുമാറ്റരീതികളിൽ പാലിക്കേണ്ട നിയമപരമായ കാര്യങ്ങളെ സംബന്ധിച്ചും, സ്ത്രീകളെ സഹായിക്കുന്ന വിധത്തിൽ ഡ്രൈവർമാരുടെയും ബസ്സ് ജീവനക്കാരുടെയും സഹകരണവും സേവനവും ഉറപ്പുവരുത്തുന്നതിനും ഓട്ടോ ഡ്രൈവർമാരെയും ബസ്സ് ജീവനക്കാരെയും ബോധവൽക്കരിക്കുന്നതിനുവേണ്ടി സംഘടിപ്പിച്ച പരിപാടി 09-12-17 തീയതി രാവിലെ 10 മണിക്ക് പോത്താനിക്കാട് പോലീസ് സ്റ്റേഷനിൽ വച്ച് കല്ലൂർക്കാട് പോലീസ് ഇൻസ്പെക്ടർ ശ്രീ. പി.എച്ച്. ഇബ്രാഹിം ഉദ്ഘാടനം ചെയ്തു.

തുടർന്ന് കല്ലൂർക്കാട് പോലീസ് സ്റ്റേഷൻ എ.എസ്.ഐ. സി.പി. ബഷീർ ക്ലാസ്സ് നയിച്ചു. പോത്താനിക്കാട് പോലീസ് സ്റ്റേഷൻ സബ്ബ്

ഇൻസ്പെക്ടർ ശ്രീ. റ്റി.എൻ. രാജൻെറ അദ്ധ്യക്ഷതയിൽ ചേർന്ന പരിപാടിയിൽ പോത്താനിക്കാട് ഡ്രൈവേഴ്സ് വെൽഫയർ അസ്സോസി.യേഷൻ പ്രസിഡൻറ് ( DWAP ) ശ്രീ. ജേക്കബ് വർഗ്ഗീസ്, സബ്ബ് ഇൻസ്പെക്ടർ. ജിയോ മാത്യു, സി.ആർ.ഒ. എ.എസ്.ഐ വിൽസൺ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി യോഗത്തിൽ സീനിയർ സിവിൽ പോലീസ് ഓഫിസർ ശ്രീ. ഷിബു ജോസ് സ്വാഗതവും പറഞ്ഞു പോത്താനിക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ഓട്ടോ ഡ്രൈവർമാരും, ബസ്സ് ജീവനക്കാരും ക്ലാസ്സിൽ പങ്കെടുത്തു.